പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3133

22.06.2012 ൽ മറുപടിയ്ക്ക്

## 'കില'യുടെ പ്രാദേശിക കേന്ദ്രങ്ങൾ തുടങ്ങുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ഡോ: എം.കെ. മുനീർ (ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) കിലയുടെ പ്രാദേശിക കേന്ദ്രങ്ങൾ തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | എ) ഉണ്ട്. കണ്ണൂരിലും, തിരുവനന്തപുരത്തുമാണ് ഇവ തുടങ്ങാൻ ഉദ്ദേശിക്കുന്നത്. |
| ബി) സംസ്ഥാനത്ത് എത്ര പ്രാദേശികകേന്ദ്രങ്ങൾ ആണ് ആരംഭിക്കുന്നത്; ഇവയ്ക്ക് ഭൂമിയും കെട്ടിടവും ലഭ്യമാണോ; സ്ഥലവും കെട്ടിടവും ലഭ്യമാക്കിയാൽ പ്രാദേശിക കേന്ദ്രം കോട്ടയത്ത് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) രണ്ടെണ്ണം തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഇവയ്ക്ക് ഭൂമി ഗ്രാമ വികസന വകുപ്പിൽ നിന്നും ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. സ്ഥലവും കെട്ടിടവും ലഭ്യമായാൽ പ്രാദേശിക കേന്ദ്രം കോട്ടയത്ത് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| സി) ഈ സംരംഭത്തിനു വേണ്ടി എത്ര കോടി രൂപയാണ് സർക്കാർ ചെലവ് പ്രതീക്ഷിക്കുന്നത്; ഇതിന് കേന്ദ്ര സഹായം ലഭ്യമാണോയെന്ന് വ്യക്തമാക്കുമോ? | സി) ഓരോ കേന്ദ്രത്തിനും തുടക്കത്തിൽ അഞ്ച് കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിന് ഇപ്പോൾ കേന്ദ്രസഹായം ലഭ്യമല്ല. |

അണ്ടർ സെക്രട്ടറി